# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1657** **3.10.2011 ന് മറുപടിയ്ക്ക്**

മാവേലി ഹോട്ടലുകൾ

ചോദ്യം ഉത്തരം

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ.റ്റി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുന്നതിനായി മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനമൊട്ടാകെ എത്ര മാവേലി ഹോട്ടലുകളാണ് ആരംഭിച്ചിട്ടുള്ളത്; | (ബി)സംസ്ഥാനത്തൊട്ടാകെ 74 മാവേലി ഹോട്ടലുകൾ ആരംഭിച്ചിരുന്നു. |
| (സി) നിലവിൽ എത്ര മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്; | (സി) നിലവിൽ 6 മാവേലി ഹോട്ടലുകൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) അവയുടെ സുഗമമായ പ്രവർത്തനത്തിന് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ഡി) മാവേലി ഹോട്ടലുകളുടെ സുഗമമായ പ്രവർത്തനത്തിന് സബ്സിഡി നിരക്കിൽ സാധനങ്ങൾ സപ്ലൈകോയിൽ നിന്നും അനുവദിച്ചുവരുന്നു. |
| (ഇ) പ്രസ്തുത ഹോട്ടലുകൾ കൂടുതലായി ആരംഭിക്കുന്നതിനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ; | (ഇ) മാവേലി ഹോട്ടലുകൾ താലൂക്കുകൾ തോറും രണ്ടെണ്ണം വീതം ആരംഭിക്കുന്നതിനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ K.S.R.T.C ക്യാന്റീനുകളും സർക്കാർ ക്യാന്റീനുകളും "മാവേലി ഹോട്ടലുകൾ" ആയി മാറ്റാവുന്നതാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (എഫ്)മാവേലി ഹോട്ടലുകൾ ആരംഭിക്കുന്നതിനാവശ്യമായ നിബന്ധനകൾ എന്തെല്ലാമാണ്? | (എഫ്)സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ നൽകുന്ന ഭക്ഷ്യ സാധനങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ അതാത് ജില്ലാ കളക്ടർമാർ നിശ്ചയിക്കുന്ന നിയന്ത്രിത നിരക്കിൽ വിൽപ്പന നടത്താൻ തയ്യാറുള്ള ഹോട്ടലുകളെയാണ് മാവേലി ഹോട്ടലുകളായി തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുത്ത ഹോട്ടലുകൾ ജില്ലയിലെ പ്രധാന ടൗണുകളിൽ ആയിരിക്കണം. സബ്സിഡി നിരക്കിൽ ലഭിക്കുന്ന സാധനങ്ങൾ ഹോട്ടലുകൾ ശരിയായ രീതിയിൽ ഉപയോഗിച്ചിരിക്കണം. ജില്ലാ കളക്ടർമാർ നിശ്ചയിക്കുന്ന നിരക്കിൽ വിൽപ്പന നടത്താൻ തയ്യാറുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് സപ്ലൈകോയുമായി സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ധാരണയായ ശേഷം മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കുവാൻ തയ്യാറുള്ളവയെയാണ് മാവേലി ഹോട്ടലുകളായി തെരഞ്ഞെടുക്കുന്നത്.<br><br>സെക്ഷൻ ഓഫീസർ |